<u>പതിനാലാം കേരള നിയമസഭ</u>
<u>പതിനെട്ടാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 64</u> <u>03-02-2020-ൽ മറുപടിക്ക്.</u>

## സോഫ്റ്റ് വെയർ പകർപ്പവകാശ നടപടികൾ

ചോദ്യം
ശ്രീ.വി.പി.സജീന്ദ്രൻ

മറുപടി
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഫ്രണ്ട്സ് സോഫ്റ്റ് വെയർ പകർപ്പവകാശവുമായി ബന്ധപ്പെട്ട് ക്രൈം നം. 454/സി.ആർ./എസ്1/02 കേസ് പിൻവലിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് സി-ഡിറ്റ് മുൻ രജിസ്ട്രാർ ജി. ജയരാജ് അയച്ച കത്ത് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ഉണ്ട്. സി-ഡിറ്റ് രജിസ്ട്രാർ സമർപ്പിച്ച കത്തിലെ ആവശ്യം സർക്കാർ പരിഗണിക്കുകയുണ്ടായി. ഇക്കാര്യത്തിൽ കേസിൽ തുടരന്വേഷണം ആവശ്യമില്ല എന്ന് പോലീസ് ക്രൈംബ്രാഞ്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കോടതിയാണ് കേസിന്റെ തുടർനടപടി തീരുമാനിക്കേണ്ടത്. |
| (ബി) | പ്രസ്തുത കേസ്സ് പിൻവലിക്കരുതെന്നും പകരം അന്വേഷണം ത്വരിതപ്പെടുത്തുകയാണ് വേണ്ടതെന്നും അഭ്യർത്ഥിച്ചുകൊണ്ട് സി-ഡിറ്റ് മുൻ ഡയറക്ടർ ഡോ. അച്യുത് ശങ്കർ എസ്. നായർ മുഖ്യമന്ത്രിക്ക് സമർപ്പിച്ച പരാതിയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. പ്രസ്തുത പരാതി സർക്കാർ പരിശോധിച്ച് വരികയാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കേസ്സിൽ സുപ്രീം കോടതി വിധി സർക്കാരിന് അനുകൂലമായി വന്ന സാഹചര്യത്തിൽ ഹൈക്കോടതി വിധിയിൽ പ്രസ്തുത കേസ്സിന് കാരണക്കാരനായും ദുരുദ്ദേശ്യത്തോടെ സർക്കാരിനെ വഞ്ചിക്കാനായി പ്രവർത്തിച്ച എന്ന് ഗുരുതരപരാമർശവുമുള്ള സി-ഡിറ്റ് മുൻ രജിസ്ട്രാറിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സി-ഡിറ്റ് മുൻ രജിസ്ട്രാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കേണ്ട സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ